# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം./ പി15/1800/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 03/01/2026
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം./ പി15/1800/2025 തീയ്യതി: 03/01/2026

## കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 23-10-2025 | 30-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-10-2025 | 30-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. അനിതകുമാരി. കെ. എ), ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ഉണ്ണികൃഷ്ണൻ. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. നിധിൻ കുമാർ. പി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മറിയാമ്മ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഫെർണാണ്ടസ് | | | |
| ശ്രീ.സക്കീർ ഹുസൈൻ ഇബ്രാഹിം | സെക്രട്ടറി | 01-04-2024 | 31-05-2024 |
| ശ്രീ കെ.സി സുബാഷ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2024 | 30-07-2024 |
| ശ്രീ .ഫൈസൽ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-08-2024 | 29-08-2024 |
| ശ്രീ ബാബുരാജ് കെ | സെക്രട്ടറി | 30-08-2024 | 28-03-2025 |
| ശ്രീ സാം.ഐെസക്ക് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-03-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സൂര്യ സുരേഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 06-08-2024 |
| ശ്രീ.ബിനോയ് ലാൽ പി | അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ്ജ് | 07-08-2024 | 19-09-2024 |
| ശ്രീമതി.അശ്വതി എ | അസിസ്റ്റന്റ് എഞ്ചിനീയർ | 20-09-2024 | 24-10-2024 |
| ശ്രീമതി.അശ്വതി എ | അസിസ്റ്റന്റ് എഞ്ചിനീയർ | 25-10-2024 | 16-12-2024 |
| ശ്രീമതി.മേദിയ റാണി | അസിസ്റ്റന്റ് എഞ്ചിനീയർ | 17-12-2024 | 28-12-2024 |
| ശ്രീമതി.അശ്വതി എ | അസിസ്റ്റന്റ് എഞ്ചിനീയർ | 29-12-2024 | 31-03-2025 |
| ശ്രീ.അനൂപ് കുമാർ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ജാസ്മിൻ കെ. | സിഡിപിഓ | 01-04-2024 | 31-03-2025 |
| ഡോ.മുഹമ്മദ് ജിജി | മെഡിക്കൽ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി അശ്വതി വിജയൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ ജയറാണി എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.ഷൈജു സി.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-ഇൻ-ചാർജ്ജ് | 01-04-2024 | 19-09-2024 |
| ശ്രീ.സിയാദ് എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -ഇൻ-ചാർജ്ജ് | 20-09-2024 | 04-12-2024 |
| ശ്രീമതി.ഹസീന എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 05-12-2024 | 15-01-2025 |
| ശ്രീ.സുധീപ് എ.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 16-01-2025 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്തതിന്റെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ കൃത്യത വ്യക്തമല്ല | 1-1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വരവ്-ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-6 |
| 8 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ് തുകകൾ ക്രമീകരിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല | 1-1-8 |
| 10 | അഡ്വാൻസ് കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടില്ല | 1-1-9 |
| 11 | അനർട്ട് അഡ്വാൻസ് കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടില്ല | 1-1-10 |
| 12 | റിഡംപ്ഷൻ തുക പൂർണ്ണമായും അക്കൗണ്ട് ചെയ്യപ്പെട്ടില്ല | 1-1-11 |
| 13 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - തുകകൾ ക്രമീകരിച്ചതിന്റെ വിദാംശങ്ങൾ ലഭ്യമായില്ല | 1-1-12 |
| 14 | ധനകാര്യ കമ്മിഷൻ (ടൈഡ്) ഗ്രാന്റ് - അധികം തുക ചെലവഴിച്ചതിന്റെ സാഹചര്യം വ്യക്തമല്ല | 1-1-13 |
| 15 | ഹെൽത്ത് ഗ്രാന്റ് - ചെലവ് തുകകളിലെ വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | വാർഷികപദ്ധതി അവലോകനം | 1-5 |
| 20 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) | 1-6 |
| 21 | സാമൂഹ്യസുരക്ഷാ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | അഡ്വാൻസ് രജിസ്റ്റർ & ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി പരിപാലിയ്ക്കുന്നില്ല | 1-11 |
| 26 | വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണ പദ്ധതി - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-12 |
| 27 | ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം അനുവദിച്ച് നൽകി - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമായില്ല | 1-13 |
| 28 | പ്രധാൻ മന്ത്രി ആവാസ് യോജന - ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-14 |
| 29 | നിക്ഷേപ പ്രവൃത്തി-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-15-1 |
| 30 | നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമായില്ല | 1-15 |
| 31 | ടൂറിസം പദ്ധതികൾ - ഡി. പി. ആർ -മേലുള്ള തുടർനടപടികൾ ലഭ്യമായില്ല | 1-16 |

| | | |
|---|---|---|
| 32 | വനിതാ വിപണന കേന്ദ്രങ്ങൾ ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-17 |
| 33 | കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല -39.04 ലക്ഷം രൂപയുടെ വിനിയോഗ ലക്ഷ്യം കൈവരിച്ചില്ല | 1-18 |
| 34 | വനിതാ ഫിറ്റ്നസ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-19 |
| 35 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ - ഗുണഭോക്തവിന്റെ ഡ്രൈവിങ്ങ് ലൈസൻസ് ലഭ്യമായില്ല | 1-20 |
| 36 | ഇടമറുക് സി എച്ച് സി യ്ക്ക് മരുന്ന്/ഉപകരണങ്ങൾ വാങ്ങൽ - മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായില്ല | 1-21 |
| 37 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 38 | ഹെൽത്ത് ഗ്രാന്റ്-അവലോകനം | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് - പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-9 |
| 10 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 19.07.2025 തീയതിയിലെ നം. 4(1) തീരുമാനം പ്രകാരം അംഗീകരിച്ച്, 21.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 03.01.2026** **സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ 31.03.2025 തീയതിയിലെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ

എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

**1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല**

26.07.2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**1-1-3 മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല**

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും, തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യ പത്രികയിൽ നൽകിയിട്ടുള്ള മൂലധന ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന്റെയും കണക്കുകൾ കൃത്യമല്ല.

**1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 58 പ്രകാരം, പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവ വ്യക്തമാക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ, സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ, 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയ ആസ്തി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**1-1-5 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്തതിന്റെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ കൃത്യത വ്യക്തമല്ല**

വിവിധ സ്ഥിര ആസ്തികളുടെ മൂല്യശോഷണ ഇനത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട തുകകളുടെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ നൽകിയിട്ടുള്ള പ്രൊവിഷന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

**1-1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വരവ്-ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്തിട്ടില്ല**

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-7 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല**

ബി-18 ഷെഡ്യൂളിലെ 460100103, 460500204, 460500499, 460500501, 460509901 എന്നീ ശീർഷകങ്ങളിൽ നിലനിൽക്കുന്ന യഥാക്രമം 867878/- രൂപ, 187572/- രൂപ, 537480/- രൂപ, 146188/- രൂപ, 70148/- രൂപ എന്നീ മുൻകൂർ തുകകളുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ ഉൾപ്പെടുത്തി, നിർദ്ദേശിയ്ക്കപ്പെടുന്ന പ്രകാരം വർഷാന്ത്യ സംഗ്രഹം ഉൾപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ പരിപാലിയ്ക്കാത്തതിനാൽ ബി-18 ഷെഡ്യൂളിലെ തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല. 2011-കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-32, 58(4)(ഡി) എന്നിവ പ്രകാരം, മുൻകൂർ രജിസ്റ്റർ സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാകുന്നു. മുൻകൂറുകളുടെ കൃത്യമായ വിവരങ്ങൾ സൂക്ഷിക്കാതിരിക്കുന്നത് മേൽചട്ടങ്ങളുടെ ലംഘനത്തിനും, മുൻകൂർ തുകയുടെ ക്രമീകരണത്തിൽ അവ്യക്തതയ്ക്കും മേൽവിവരിച്ച പ്രകാരമുള്ള അക്കൗണ്ടിങ്ങ് അപാകതകൾക്കും ഇടയാക്കുന്നു.

**1-1-8 ഡെപ്പോസിറ്റ് തുകകൾ ക്രമീകരിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല**

ബി-7 ഷെഡ്യൂളിലെ 340100103, 340100203, 340100301, 340109901, 340200101 എന്നീ ശീർഷകങ്ങളിൽ നിലനിൽക്കുന്ന യഥാക്രമം 37800/- രൂപ, 3000/- രൂപ, 607395/- രൂപ, 2396/- രൂപ, 237000/- രൂപ എന്നീ ഡെപ്പോസിറ്റ് തുകകളുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ ഉൾപ്പെടുത്തി, നിർദ്ദേശിയ്ക്കപ്പെടുന്ന പ്രകാരം വർഷാന്ത്യ സംഗ്രഹം ഉൾപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിയ്ക്കാത്തതിനാൽ ബി-7 ഷെഡ്യൂളിലെ തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. 2011-കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-33, 58(3)(എ) എന്നിവ പ്രകാരം ഡെപ്പോസിറ്റ് രജിസ്റ്റർ മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ തയ്യാറാക്കി സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാകുന്നു. ഡെപ്പോസിറ്റ് തുകകൾ ക്രമീകരിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് തയ്യാറാക്കേണ്ടതും തൻവർഷ ഇടപാടുകളും സാമ്പത്തിക വർഷത്തെ സംക്ഷിപ്തവും സെക്രട്ടറി സാക്ഷ്യപ്പെടുത്തി തയ്യാറാക്കി സൂക്ഷിയ്ക്കേണ്ടതുമാണ്. കാലഹരണപ്പെട്ട നിക്ഷേപം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടേണ്ടതാണ്.

**1-1-9 അഡ്വാൻസ് കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടില്ല**

നിക്ഷേപ പ്രവൃത്തിയുടെ ഭാഗമായി പ്രോജക്ട് നം. 102/2025 പ്രകാരം ഭൂജലവകുപ്പിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുകയായ 1,21,769/- രൂപ, 460500204/ Advance To Implementing Agencies - Deposit With Ground Water Department എന്ന ശീർഷകത്തിൽ അഡ്വാൻസ് ഇനത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടില്ല.

**1-1-10 അനർട്ട് അഡ്വാൻസ് കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടില്ല**

നിക്ഷേപ പ്രവൃത്തിയുടെ ഭാഗമായി പ്രോജക്ട് നം. 129/2025 പ്രകാരം 'അനർട്ടി'ൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുകയായ 5,37,480/- രൂപ, Advance To Implementing Agencies - Deposit With Anert എന്ന ശീർഷകത്തിനു പകരം Advance To Other Accredited Agencies എന്ന കണക്ക് ശീർഷകത്തിലാണ് നിലവിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

**1-1-11 റിഡംപ്ഷൻ തുക പൂർണ്ണമായും അക്കൗണ്ട് ചെയ്യപ്പെട്ടില്ല**

സ്ഥാപനത്തിലെ STSB അക്കൗണ്ടിൽ (നം. 799013000000124) നിന്നും 30/03/2025 -ൽ റിഡംപ്ഷൻ തുകയായി 41,85,243/- രൂപ പിൻവലിക്കപ്പെട്ടിട്ടുള്ളതും, ടി തുക B-15/ 431600199 കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടുള്ളതുമാണ്. എന്നാൽ, സ്ഥാപനത്തിലെ മറ്റൊരു STSB അക്കൗണ്ടിൽ (നം. 799011400003758) നിന്നും 25/03/2025 -ൽ റിഡംപ്ഷൻ തുകയായി പിൻവലിക്കപ്പെട്ടിട്ടുള്ള 9,41,930/- രൂപ, B-15/ 431600199 കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെടാതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/ 27.10.2025), മറുപടി ലഭ്യമായില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-12 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - തുകകൾ ക്രമീകരിച്ചതിന്റെ വിദാംശങ്ങൾ ലഭ്യമായില്ല**

ധനകാര്യ കമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട്, 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം, B-4/ 320200111 & 320200112 ഷെഡ്യുളിലെ തുകയും (11,96,238/- രൂപ), B-17/ 450610107 ഷെഡ്യുളിലെ തുകയും (1,789,274/- രൂപ) തമ്മിൽ, (-5,93,036) വ്യത്യാസം നിലനിൽക്കുന്നതായി കാണുന്നു. എന്നാൽ, 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം പ്രസ്തുത ഷെഡ്യുളുകളിലെ വ്യത്യാസം ക്രമീകരിച്ചതായി കാണുന്നു. ലഭ്യമായ രേഖകളിൽ നിന്നും വ്യക്തമാകാത്ത സാഹചര്യത്തിൽ, തുകകൾ ക്രമീകരിച്ചതിന്റെ അഡ്ജസ്റ്റ്മെന്റ് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/ 27.10.2025), മറുപടി ലഭ്യമായില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-13 ധനകാര്യ കമ്മിഷൻ (ടൈഡ്) ഗ്രാന്റ് - അധികം തുക ചെലവഴിച്ചതിന്റെ**

**സാഹചര്യം വ്യക്തമല്ല**

2024-25 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം, ധനകാര്യ കമ്മിഷൻ ഗ്രാന്റ് - ടൈഡ് വിഭാഗത്തിൽ, മുന്നിരിപ്പ് തുക (-17,36,945) ആകാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/ 27.10.2025), മറുപടി ലഭ്യമായില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-14 ഹെൽത്ത് ഗ്രാന്റ് - ചെലവ് തുകകളിലെ വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല**

2024-2025 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലുള്ള ചെലവ് തുക, വാർഷിക ധനകാര്യ പത്രിക പ്രകാരം, 13,18,350/- രൂപയും, ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് (നം. IOBA0003459/ 345901000004000) സ്റ്റേറ്റ്മെന്റ് പ്രകാരം 1,94,519/- രൂപയുമാണെന്ന് കാണുന്നു. റെകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ നിന്നും അനുബന്ധ രേഖകളിൽ നിന്നും വ്യക്തമാകാത്ത സാഹചര്യത്തിൽ, ചെലവ് തുകകളിലെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/ 27.10.2025), മറുപടി ലഭ്യമായില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-2 ബജറ്റ്**

024-25 വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 09.01.2024 തീയതിയിലെ നം.1(1) തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 22.01.2025 ലെ 1(1) നം. തീരുമാന പ്രകാരവും പുതുക്കി അംഗീകരിച്ചു. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 2500000 | 177874017 |
| വരവ് | 301360070 | 350878018 |
| ആകെ | 303860070 | 528752035 |
| ചെലവ് | 302969080 | 443443269 |
| നീക്കിയിരിപ്പ് | 890990 | 85308766 |

ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവ് ചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഗണ്യമായ അന്തരമുണ്ടെന്ന് കാണുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-3 സാമ്പത്തിക വിശകലനം**

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 3676663 |
| ഓഡിറ്റ് വർഷത്തെ വരവ് | 68361557 |
| ആകെ | 72038220 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60776739 |
| നീക്കിയിരിപ്പ് | 11261481 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 61686259 |
| ആകെ ചെലവ് | 65958780 |

| | |
|---|---|
| വരുമാന നഷ്ടം | 4272521 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 28709 |
| അറ്റ പ്രവർത്തന നഷ്ടം | 4301230 |

**ഓഡിറ്റ് സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,37,59,773/- |

## 1-4 ഗ്രാന്റ് വിനിയോഗം

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ, 2024-2025 സാമ്പത്തിക വർഷത്തെ, വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, വിനിയോഗം, നീക്കിയിരിപ്പ്/ലാപ്സായ തുക തുടങ്ങിയവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് GENERAL | 0 | 2,27,71,000/- | 2,27,71,000/- | 2,09,74,952/- | 17,96,048/- | 92.11 |
| വികസന ഫണ്ട് SCSP | 0 | 46,86,000/- | 46,86,000/- | 24,18,236/- | 22,67,764/- | 51.60 |
| വികസന ഫണ്ട് TSP | 0 | 35,83,000/- | 35,83,000/- | 34,98,078/- | 84,922/- | 97.62 |
| മെയിന്റനൻസ് ഗ്രാന്റ് NON ROAD | 0 | 47,24,000/- | 47,24,000/- | 47,21,800/- | 2,200/- | 99.95 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് UNTIED | 29,33,187/- | * 39,92,514/- | 69,25,701/- | 34,69,740/- | 34,55,961/- | 50.09 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് TIED | (-17,36,945) | ** 87,62,168/- | 70,25,223/- | 43,94,596/- | 26,30,627/- | 62.55 |
| ഹെൽത്ത് ഗ്രാന്റ് | 8,66,963/- | 29,14,858/- (28,95,000 + Int. 19,858) | 37,81,821/- | 1,94,519/- | 35,87,302/- | 5.14 |

* **38,36,382/-** (CFC ഗ്രാന്റ് + RLB അൺടൈഡ് ബേസിക് ഗ്രാന്റിന്റെ രണ്ടാം ഗഡു അംഗീകരിക്കുന്നതിലെ കാലതാമസ കാലയളവിനുള്ള പലിശ) + **1,56,132/-** (ബാങ്ക് പലിശ : യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ട് നമ്പർ 720102010005693) = **39,92,514/-**

** **57,54,000/-** (CFC ഗ്രാന്റ്) + **27,17,500/-** {(2024-2025 ബജറ്റ് പ്രൊവിഷനിൽ നിന്ന്, G.O. (Rt) നമ്പർ 3299/2024/Fin/

09.04.2024 പ്രകാരം, 2023-2024 -ലെ 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് രണ്ടാം ഗഡു)} + **2,90,668/-** {(2020-21 -ൽ അധികൃതപ്പെടുത്തിയതും, 2021-22 & 2022-23 -ൽ പുന:രധികൃതപ്പെടുത്തിയതുമായ, G.O. (Rt) നമ്പർ 4802/2024/Fin/ 18.06.2024 & G.O. (Rt) നമ്പർ 2075/2025/ഫിൻ/ 04.03.2025 പ്രകാരം 15-ാം ധനകാര്യ കമ്മീഷന്റെ ചെലവഴിക്കാത്ത ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രഷറിയിൽ അനുവദിച്ചത്)} = **87,62,168/-**

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലുള്ള ബന്ധപ്പെട്ട ഗ്രാന്റുകളുടെ നീക്കിയിരിപ്പ്, 2024-2025 വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരമുള്ള തുകകളാണ്, ധനകാര്യ കമ്മീഷൻ ടൈഡ് & അൺ ടൈഡ് ഗ്രാന്റുകളുടെ മുന്നിരിപ്പ് തുകകളായി മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകകളുടെ വിനിമയം നടത്തുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ തുകയായ 1,56,132/- രൂപ, ACR, ഗ്രാന്റ് പത്രിക എന്നിവയിൽ വരവായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ, ACR, ഗ്രാന്റ് പത്രികയിലെ അലോട്ട്മെന്റിൽ, ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

3) ഹെൽത്ത് ഗ്രാന്റ് : വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട ശീർഷകത്തിലെ മുന്നിരിപ്പ്-വരവ്-ചെലവ്-നീക്കിയിരിപ്പ് തുകകളും, ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റിലെ മുന്നിരിപ്പ്-വരവ്-ചെലവ്-നീക്കിയിരിപ്പ് തുകകളും തമ്മിലുള്ള വ്യത്യാസം റെകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ നിന്നും അനുബന്ധ രേഖകളിൽ നിന്നും വ്യക്തമാകാത്ത സാഹചര്യത്തിൽ, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുന്നിരിപ്പ്-വരവ്-ചെലവ്-നീക്കിയിരിപ്പ് തുകകളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

4) വാർഷിക ധനകാര്യ പത്രിക ബി-4 ഷെഡ്യൂളിൽ നിലനിൽക്കുന്ന പി. എം. എ. വൈ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ഹെൽത്ത് ഗ്രാന്റ്, ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ ഗ്രാന്റ്, ലിറ്ററസി സ്കീം ഗ്രാന്റ് ഉൾപ്പെടെയുള്ള വിവിധ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം വീക്ഷിക്കുന്നതിനുള്ള രേഖകൾ/ രജിസ്റ്റർ സ്ഥാപനത്തിൽ പരിപാലിക്കുന്നില്ല. ആയതിനാൽ, ടി ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല. ബി-4 ഷെഡ്യൂളിലെ ഗ്രാന്റുകളുടെ വിനിമയം വീക്ഷിക്കുന്നതിനുള്ള രേഖകൾ/ രജിസ്റ്റർ (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ - എ. സി. ആർ) പരിപാലിക്കേണ്ടതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി അധികൃതമാക്കേണ്ടതുമാണ്.

സർക്കാർ ഗ്രാന്റുകളുടെയും, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും, അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലുമുള്ള, പ്രസ്തുത അപാകതകൾ, ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ടുള്ള, വാർഷിക കണക്കുകളിലെ അപാകതകളായി പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ എന്നിവയ്ക്ക് വിധേയമായിട്ടാണ്, ഓഡിറ്റ് റിപ്പോർട്ട് അനുബന്ധം-2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

### (എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 152 | 16,67,53,252 | 111 | 5,11,44,728 | 41 | 73 |

### നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി അസി. ഡയറക്ടർ | 04 | 04 | 1667027 | 773011 |
| സി.ഡി.പി.ഒ | 05 | 05 | 2490854 | 2324673 |
| MO(CHC) | 14 | 12 | 5655292 | 4558891 |
| Dairy Extension Officer | 05 | 05 | 10002031 | 1985619 |
| | | | | |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് Secretary | 49 | 32 | 112420620 | 22678918 |
| AE,LID & EW | 68 | 46 | 31882568 | 16481635 |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 4 | 4 | 813360 | 755982 |
| ട്രൈബൽ എക്സറ്റൻഷൻ ഓഫീസർ | 3 | 3 | 1821500 | 1585999 |
| ആകെ | 152 | 111 | 166753252 | 51144728 |

**പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ**

| ഇനം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 6.01.2024 |
| പദ്ധതി രൂപീകരണ ഗ്രാമസഭ (ബ്ലോക്ക് തലം) | 11.01.2024 |
| വികസന സെമിനാർ | 27.01.2024 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം (ഭേദഗതിയുൾപ്പടെയുള്ള അന്തിമ അംഗീകാരം) | 84898/24/DPC/DPO/KTM Dt. 28.02.2025 |

.വാർഷികപദ്ധതിയിൽ 86% വികസനഫണ്ടും 99% മെയിന്ററനൻസ് ഫണ്ടും ചെലവഴിക്കാൻ സാധിച്ചു.

.ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി 10 കുടിവെള്ളപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.എന്നാൽ ഇവയിൽ 3എണ്ണം മാത്രമാണ് അന്തിമമായി പൂർത്തീകരിച്ചിട്ടുള്ളത്.

.സി.ഡി.പി.ഒ നിർവഹണ ഉദ്യോഗസ്ഥയായ സ്കൂട്ടർ വിത്ത് സൈഡ് വീൽ വിതരണ പ്രോജക്ട് ഗുണഭോക്താക്കൾ ലൈസൻസ് എടുക്കാത്തതു മൂലം ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല.
പഠനമുറി നിർമാണ പ്രോജക്ടിന്റെ ഭാഗമായി സബ്സിഡിയുടെ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ കരാറനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുവാൻ ശേഷിക്കുന്നു.

.വികസനഫണ്ട് ചെലവഴിച്ച് നിർമ്മിച്ച വനിതാഉല്പന്നവിപണനകേന്ദ്രങ്ങളിൽ സംരംഭങ്ങൾ ആരംഭിക്കുകയോ നിർദ്ദിഷ്ടലക്ഷ്യത്തിന് ഉപയോഗിക്കുകയോ ചെയ്യുന്നില്ല.
**വ്യവസായവികസനഓഫീസർക്ക് പ്രോജക്ടുകളുടെ നിർവ്വഹണച്ചുമതല നൽകിയിട്ടില്ല**
വ്യവസായവികസന ഓഫീസർ ബ്ലോക്ക്പഞ്ചായത്തിന്റെ നിർവ്വഹണോദ്യോഗസ്ഥയാണെങ്കിലും തൻവർഷം പദ്ധതിപ്രവർത്തനങ്ങളുടെ ഭാഗമായി പ്രോജക്ടുകൾ നടപ്പാക്കാൻ നൽകിയിരുന്നില്ല.പദ്ധതിനിർവ്വഹണത്തിൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS)</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) പ്രകാരം, ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പ്രവൃത്തികൾ ഒന്നും ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. തൊഴിലുറപ്പ് പദ്ധതിയുടെ, ബ്ലോക്ക് ലെവൽ ജീവനക്കാരുടെ ശമ്പളം, മറ്റ് ഓഫീസ് ചെലവുകൾ എന്നീ വിനിമയങ്ങൾ മാത്രമാണ് നടത്തുന്നത്. ആയതിന്റെ, ക്യാഷ് ബുക്ക് പ്രകാരമുള്ള വിശദാംശങ്ങൾ, ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 3,182.96/- |
| വരവ് | 1,630,338/- |
| ആകെ | 1,633,520.96/- |

| | |
|---|---|
| ചെലവ് | 1,630,793/- |
| നീക്കിയിരിപ്പ് | 2,727.96/- |

ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എന്ന നിലയിലാണ് ടി വിനിമയങ്ങൾ നടത്തുന്നത്. ആയതിനാൽ, പ്രസ്തുത കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല.

**1-7 സാമൂഹ്യസുരക്ഷാ പദ്ധതികൾ**

ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരം തൻവർഷം സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഒന്നും തന്നെ നിർവ്വഹിക്കപ്പെട്ടിട്ടില്ല.

**1-8 ക്യാഷ് ബാലൻസ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2025 തീയതിയിൽ 03.00 പി എം സമയത്ത് നടത്തിയെങ്കിലും അന്നേ ദിവസം ക്യാഷ് വരവുണ്ടായിരുന്നില്ല.

**1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം**

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവേ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം വിവിധ സെക്ഷനുകൾക്ക് ചുമതലകൾ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.എന്നാൽ സെക്ഷനുകളുടെ മേൽനോട്ടം ശരിയായ രീതിയിൽ നിർവ്വഹിക്കപ്പെടുന്നില്ല. ചെലവ് വൗച്ചറുകളുടെയും അനുബന്ധ രേഖകളുടെയും സൂക്ഷിപ്പ് പൊതുവിൽ തൃപ്തികരമാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർസർക്കാരിലേക്ക് ഒടുക്കാനുള്ള വിവിധ തുകകളുടെ വിനിമയം സൂചിപ്പിക്കുന്ന രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിലെയും, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേര് ,മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ മാസ്റ്റർ ഇംകുമ്പൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് വർഷം ഒരു തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയോ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനം കൃത്യമാക്കുന്നതിനും, ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ആരോഗ്യമേഖലയിലെ ബ്ലോക്ക് പഞ്ചായത്ത് ഇടപെടലുകൾ മാതൃകാപരമാണെങ്കിലും പ്രവൃത്തികളുടെ നടത്തിപ്പിൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.08.24 – 02.09.24 | 2014 – 2024 | LBA(HQ)IV/8A-2060/55 തീയതി: 14.08.2024 |
| പെർഫോർമൻസ് ഓഡിറ്റ് | 20.12.2023 | 20.12.24 – 31.03.24 | 05/DPAW/ Ktm/2022/08.3.23 |

**1-11 അഡ്വാൻസ് രജിസ്റ്റർ & ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി പരിപാലിയ്ക്കുന്നില്ല**

ബ്ലോക്ക് പഞ്ചായത്തിന്റെ 31/03/2025 -ലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം 887,591/- രൂപ നിക്ഷേപമിനത്തിൽ ബാധ്യതയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത നിക്ഷേപങ്ങളുടെ ഓരോ ശീർഷകത്തിലെയും 01/04/2024 -ലെ മുന്നിരിപ്പ് വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, ഒടുക്കിയ കാലയളവ്, ഉദ്ദേശ്യം/പ്രോജക്ട്, പ്രോജക്ട് പൂർത്തിയാക്കിയ തീയതി) എന്നീ വിവരങ്ങൾ ചേർത്ത് ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ, കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. 2011-കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-33, 58(3)(എ)) എന്നിവ പ്രകാരം ഡെപ്പോസിറ്റ് രജിസ്റ്റർ മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ തയ്യാറാക്കി സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാകുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത മൂലം കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനും സാധിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് തയ്യാറാക്കേണ്ടതും തൻവർഷ ഇടപാടുകളും സാമ്പത്തിക വർഷത്തെ സംക്ഷിപ്തവും സെക്രട്ടറി സാക്ഷ്യപ്പെടുത്തി തയ്യാറാക്കി സൂക്ഷിയ്ക്കേണ്ടതുമാണ്. കാലഹരണപ്പെട്ട നിക്ഷേപം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടേണ്ടതാണ്.

**അഡ്വാൻസ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ**

ബ്ലോക്ക് പഞ്ചായത്ത് വിവിധ ഇനങ്ങളിലായി മുൻകൂർ നൽകുന്ന തുകകൾ, ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിവിധ ഏജൻസികളിൽ നൽകുന്ന തുകകൾ എന്നിവയുടെ ഓരോ സാമ്പത്തിക വർഷത്തെയും മുന്നിരിപ്പ് വിശദാംശം, തൻവർഷ ഇടപാടുകൾ എന്നിവ ചേർത്ത് നിശ്ചിത മാതൃകയിലുള്ള അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. 2011-കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-32, 58(4)(ഡി) എന്നിവ പ്രകാരം, മുൻകൂർ രജിസ്റ്റർ സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാകുന്നു. 2024-2025 സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം, നിക്ഷേപ പ്രവൃത്തിയായി ഭൂജല വകുപ്പ്, അനെർട്ട് എന്നീ ഏജൻസികളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. മുൻകൂറുകളുടെ കൃത്യമായ വിവരങ്ങൾ സൂക്ഷിക്കാതിരിക്കുന്നത് മേൽചട്ടങ്ങളുടെ ലംഘനത്തിനും, മുൻകൂർ തുകയുടെ ക്രമീകരണത്തിൽ അവ്യക്തതയ്ക്കും മേൽവിവരിച്ച പ്രകാരമുള്ള അക്കൗണ്ടിങ്ങ് അപാകതകൾക്കും ഇടയാക്കുന്നു. അഡ്വാൻസ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ മുന്നിരിപ്പ് വിശദാംശങ്ങൾ ക്യാരി ഓവർ ചെയ്ത് തയ്യാറാക്കി സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതാണ്.

## 1-12 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണ പദ്ധതി - പ്രവൃത്തി പൂർത്തീകരിച്ചില്ല

**I)** ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, വിദ്യാർത്ഥികൾക്ക് പഠനമുറി (എസ്. സി വിഭാഗം) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | ഗുണഭോക്താവിന്റെ പേര്/ വിലാസം/ ബാങ്ക് അക്കൗണ്ട് നം./ ഗ്രാമ പഞ്ചായത്ത് | ഫണ്ട് ഇനം അടങ്കൽ / ചെലവ് | ബിൽ നം./ തീയതി | അനുവദിച്ച് നൽകിയ തുക (Rs.) |
|---|---|---|---|---|---|
| 1) | S0075/ 2025 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | അനുജ രവീന്ദ്രൻ മങ്ങാട്ടുകുന്നേൽ മൂന്നിലവ് FDRL0001216/ 12160100074002 മൂന്നിലവ് ഗ്രാമ പഞ്ചായത്ത് | തനത് ഫണ്ട് : 24049/ 0<br>SCP : 1375951 / 810000 | BRN : 24090263095801415426/ 03.03.2025 | 30000 |

| | | | | | |
|---|---|---|---|---|---|
| 2) | S0100/ 2025 എസ്. സി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ) | ഷിനോ. കെ. എസ് കാവതിയാംകുന്നേൽ കളത്തൂക്കടവ് KLGB0040744/ 40744101011456 | SCP 1000000 / 460000 | BRN : 2409026309580034053 4/ 16.05.2024 | 30000 |
| | ആകെ | | | | 60,000/- |

പ്രസ്തുത ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണവുമായി ബന്ധപ്പെട്ട സ്റ്റേജ് കംപ്ലീഷൻ സ്റ്റാറ്റസും, നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/ 29.10.2025), മറുപടി ലഭ്യമായില്ല. ആദ്യ ഗഡു കൈപ്പറ്റിയ പ്രസ്തുത ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്ന വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കാലതാമസം കൂടാതെ, നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച്, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഭരണസമിതി അംഗങ്ങളുടെ സഹകരണത്തോടെ ഈ വിഷയത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നിതിന് വേണ്ട പ്രോത്സാഹനം ഗുണഭോക്താക്കൾക്ക് നൽകേണ്ടതുമാണ്. പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ SCP വിഭാഗത്തിൽ ചെലവഴിച്ചിട്ടുള്ള 60,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും, തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. കൈപ്പറ്റിയ തുക ദുർവിനിയോഗം ചെയ്തതായി ബോധ്യപ്പെടുന്ന പക്ഷം പിഴപ്പലിശ സഹിതം തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**II)** 2022-2023 & 2023-2024 വാർഷിക പദ്ധതിയുടെ ഭാഗമായി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, വിദ്യാർത്ഥികൾക്ക് പഠനമുറി (എസ്. സി വിഭാഗം) എന്ന പദ്ധതി (പ്രോജക്ട് നം. S0078/2023 & S0087/2024) നടപ്പിലാക്കിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | ഗുണഭോക്താവിന്റെ പേര്/ വിലാസം/ ബാങ്ക് അക്കൗണ്ട് നം./ ഗ്രാമ പഞ്ചായത്ത് | ഫണ്ട് ഇനം<br>അടങ്കൽ/ ചെലവ് | ബിൽ നം./ തീയതി | അനുവദിച്ച് നൽകിയ തുക (Rs.) |
|---|---|---|---|---|---|
| 1) | S0087/2024 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | അനഘ മധു D/O മധു. ടി & സുനിത. എം. കെ മഞ്ചപ്ലാക്കൽ കളത്തൂക്കടവ് KLGB0040545/ 40545101018440 തലപ്പലം ഗ്രാമ പഞ്ചായത്ത് | SCP<br>1025000 / 675000 | BRN : 2209026309580130935 3/ 08.03.2023 (50,000/-) BRN : 2309026309580027301 8/ 04.07.2023 (75,000/-) | 1,25,000/- |

ബന്ധപ്പെട്ട പ്രോജക്ട് ഫയലിൽ നിന്നും പഠനമുറിയുടെ ഭിത്തി നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നു. എന്നാൽ, ഫയലിൽ ലഭ്യമായിട്ടുള്ള ചിത്രത്തിൽ പഠനമുറിയുടെ ബേസ്മെന്റ് എർത്ത് ഫില്ലിംഗ് ഏരിയയിൽ എക്സ്റ്റേണൽ എയർ അഡ്മിറ്റൻസ് വാൽവ് സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി കാണുന്നു. ആയത് ടോയ്‌ലറ്റ് എയർ അഡ്മിറ്റൻസ് വാൽവ് ആണോയെന്നതിൽ വ്യക്തതയില്ല. 800 ചതുരശ്ര അടിയിലധികരിക്കാത്ത നിലവിലുള്ള വീടിനോട്

ചേർന്ന് പരമാവധി 120 ചതുരശ്ര അടിവിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കുന്നതിനാണ് മാർഗ്ഗരേഖ പ്രകാരം {സ. ഉ. (കൈ) നം. 115/2022/തസ്വഭവ/ 28.05.2022} നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ, നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തറ വിസ്തീർണ്ണം പഠനമുറിക്ക് നൽകിയിട്ടുള്ളതായി വ്യക്തമാകുന്നില്ല. പഠനമുറി നിർമ്മാണവുമായി ബന്ധപ്പെട്ട സ്റ്റേജ് കംപ്ലീഷൻ സ്റ്റാറ്റസ് സംബന്ധിച്ചും, എർത്ത് ഫില്ലിംഗ് ഏരിയയിലുള്ള എക്സ്റ്റേണൽ എയർ അഡ്മിറ്റൻസ് വാൽവ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത് സംബന്ധിച്ചും, പഠനമുറിക്ക് നൽകിയിട്ടുള്ള തറ വിസ്തീർണ്ണം സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 16/ 29.10.2025), മറുപടി ലഭ്യമായില്ല. മേൽ അപാകതകൾ നിലനിൽക്കുന്നുവെങ്കിൽ, വാല്യുവേഷൻ അംഗീകരിച്ച് രണ്ടാം ഗഡു ധനസഹായം അനുവദിക്കപ്പെട്ടതിന്റെ സാഹചര്യം വ്യക്തമല്ല.



7/2023ലാണ് അവസാനമായി തുക അനുവദിച്ചിട്ടുള്ളത്. പഠനമുറി നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കുന്ന സാഹചര്യം നിലനിൽക്കുന്നുവെങ്കിൽ, ആയതിന് വേണ്ട പ്രോത്സാഹനം ഗുണഭോക്താവിന് നൽകേണ്ടതാണ്. വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കൈപ്പറ്റിയ തുക ദുർവിനിയോഗം ചെയ്തതായി ബോധ്യപ്പെടുന്ന പക്ഷം പിഴപ്പലിശ സഹിതം തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

സ്പിൽ ഓവർ പദ്ധതി ഉൾപ്പെടെ, പഠനമുറി നിർമ്മാണ പദ്ധതിയിൽ വിവിധ ഗഡുക്കളായി വിതരണം ചെയ്യുന്ന ധനസഹായ തുകയുടെ വിനിമയം വീക്ഷിക്കുന്നതിനായി രജിസ്റ്റർ (അകിറ്റൻസ് രജിസ്റ്റർ) പരിപാലിക്കേണ്ടതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി അധികൃതമാക്കേണ്ടതുമാണ്.

## 1-13 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം അനുവദിച്ച് നൽകി - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമായില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക്, വിവിധ പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | തുക അനുവദിക്കപ്പെട്ട സ്ഥാപനം | ഫണ്ട് ഇനം | ബിൽ നം./ ഫണ്ട് റിക്വസിഷൻ നം./ തീയതി | അനുവദിക്കപ്പെട്ട തുക (Rs.) |
|---|---|---|---|---|---|
| 1) | S0178/ 2025 തീക്കോയി പി. എച്ച്. സി കെട്ടിട | തീക്കോയി ഗ്രാമ പഞ്ചായത്ത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 247/ 22.02.2025 | 400000 |

| | | | | | |
|---|---|---|---|---|---|
| | നിർമ്മാണം - ആർദ്രം പദ്ധതി പൂർത്തീകരണം - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | | | | |
| 2) | S0140/ 2025<br>ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | മൂന്നിലവ് ഗ്രാമ പഞ്ചായത്ത് | വികസന ഫണ്ട് (ജനറൽ) | 343/ 24.03.2025 | 125000 |
| 3) | S0072/ 2025<br>തിടനാട് ഡിവിഷൻ - തിടനാട് പഞ്ചായത്ത് വാർഡ്-V പുതിയത്ത് പുരയിടം പുളിക്കമല റോഡ് കോൺക്രീറ്റിംഗ് - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | തിടനാട് ഗ്രാമ പഞ്ചായത്ത് | വികസന ഫണ്ട് - ജനറൽ (1,00,000/-) & തനത് ഫണ്ട് (52,599/-) | 343/ 24.03.2025<br>5054013601240173/ 10.03.2025 | 152599 |
| 4) | S0070/ 2025<br>തിടനാട് ഡിവിഷൻ - തിടനാട് പഞ്ചായത്ത് വാർഡ്-XIII ചൊള്ളംപുറം പനമൂട്ടിൽ കടവ് റോഡ് കോൺക്രീറ്റിംഗ് - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | തിടനാട് ഗ്രാമ പഞ്ചായത്ത് | വികസന ഫണ്ട് - ജനറൽ (1,00,000/-) & തനത് ഫണ്ട് (49,932/-) | 364/ 26.03.2025<br>5054013601240157/ 02.03.2025 | 149932 |
| 5) | S0069/ 2025<br>തിടനാട് ഡിവിഷൻ - തിടനാട് പഞ്ചായത്ത് വാർഡ്-XIII കാവുംകുളം കല്ലൂർ കടവ് റിംഗ് റോഡ് കോൺക്രീറ്റിംഗ് - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | തിടനാട് ഗ്രാമ പഞ്ചായത്ത് | വികസന ഫണ്ട് - ജനറൽ (1,54,179/-) & തനത് ഫണ്ട് (2,17,997/-) | 362/ 26.03.2025<br>5054013601240171/ 10.03.2025 | 372176 |
| 6) | S0064/ 2025<br>തിടനാട് ഗ്രാമ പഞ്ചായത്ത് വിവിധ വാർഡുകളിൽ | തിടനാട് ഗ്രാമ പഞ്ചായത്ത് | വികസന ഫണ്ട് - ജനറൽ (7,50,000/-) | 366/ 26.03.2025<br>5054013601240045/ 31.01.2025 | 1000000 |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | | & തനത് ഫണ്ട് (2,50,000/-) | | |
| 7) | S0081/ 2025 പിണ്ണാക്കനാട് ഡിവിഷൻ - തിടനാട് പഞ്ചായത്ത് വാർഡ്- VIII ചേറ്റുതോട് ശൗര്യാംമാവ് ഇല്ലൂപ്പക്കാവ് റോഡ് - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | തിടനാട് ഗ്രാമ പഞ്ചായത്ത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 356/ 26.03.2025 | 136000 |
| 8) | S0128/ 2025 കൊണ്ടൂർ ഡിവിഷൻ - കുളംകവല ചള്ളവയലിൽ വലിയവീട്ടിൽ കടവ് റോഡ് കോൺക്രീറ്റിംഗ് - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | തിടനാട് ഗ്രാമ പഞ്ചായത്ത് | വികസന ഫണ്ട് - ജനറൽ (2,00,000/-) & തനത് ഫണ്ട് (1,16,839/-) | 120/ 16.11.2024 | 316839 |
| 9) | S0133/ 2025 കൊണ്ടൂർ ഡിവിഷൻ - തിടനാട് പഞ്ചായത്ത് വാർഡ്- III വഴക്കുഴപ്പടി വല്യച്ഛൻ മല റോഡ് കോൺക്രീറ്റിംഗ് - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | തിടനാട് ഗ്രാമ പഞ്ചായത്ത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (1,98,000/-) & തനത് ഫണ്ട് (34,317/-) | 109/ 26.10.2024 | 232317 |
| 10) | S0135/ 2025 തിടനാട് ഡിവിഷൻ - തിടനാട് പഞ്ചായത്ത് വാർഡ്- XI ചേരാനി ചെന്നക്കാട്ടുകുന്നേൽ പുരയിടം റോഡ് കോൺക്രീറ്റിംഗ് - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | തിടനാട് ഗ്രാമ പഞ്ചായത്ത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 108/ 26.10.2024 | 390355 |
| 11) | S0160/ 2025 തലനാട് എഫ്. എച്ച്. സി സബ് സെന്റർ നിർമ്മാണം പൂർത്തീകരണം - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | തലനാട് ഗ്രാമ പഞ്ചായത്ത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 373/ 27.03.2025<br>374/ 27.03.2025 | 597264 |

| | | | | | |
|---|---|---|---|---|---|
| 12) | S0136/ 2025 പൂഞ്ഞാർ ഡിവിഷൻ - മുത്താരം കുന്ന് കുന്നേൽ പറമ്പ് റോഡ് കോൺക്രീറ്റിംഗ് - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് | വികസന ഫണ്ട് - ജനറൽ (2,00,000/-) & തനത് ഫണ്ട് (51,960/-) | 245/ 21.02.2025 | 251960 |
| 13) | S0139/ 2025 പൂഞ്ഞാർ പഞ്ചായത്ത് പള്ളിക്കുന്ന് കടുപ്പാറ റോഡ് കോൺക്രീറ്റിംഗ് - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് | വികസന ഫണ്ട് - ജനറൽ (2,50,000/-) & തനത് ഫണ്ട് (1,50,000/-) | 122/ 16.11.2024 | 400000 |
| 14) | S0169/ 2025 പൂഞ്ഞാർ പഞ്ചായത്ത് കെട്ടിട നിർമ്മാണം പൂർത്തീകരണം - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് | വികസന ഫണ്ട് (ജനറൽ) | 357/ 26.03.2025 | 350000 |
| 15) | S0197/ 2025 കൊണ്ടൂർ ഡിവിഷൻ - തിടനാട് ഗ്രാമ പഞ്ചായത്ത് - ചർച്ച് ലാന്റ് മൂന്നാം തോട് അൽഫോൻസ റോഡ് നവീകരണം - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | തിടനാട് ഗ്രാമ പഞ്ചായത്ത് | വികസന ഫണ്ട് (ജനറൽ) | 353/ 26.03.2025 | 100000 |
| 16) | S0066/ 2025 പിണ്ണാക്കനാട് ഡിവിഷൻ - തിടനാട് പഞ്ചായത്ത് വാർഡ്- X കൊച്ചുപിണ്ണാക്കനാട് കൊച്ചുകാവ് റോഡ് കോൺക്രീറ്റിംഗ് - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | തിടനാട് ഗ്രാമ പഞ്ചായത്ത് | വികസന ഫണ്ട് - ജനറൽ (50,000/-) & തനത് ഫണ്ട് (1,00,000/-) | 341/ 24.03.2025 | 150000 |
| 17) | S0073/ 2025 ഈരാറ്റുപേട്ട ബ്ലോക്ക് പരിധിയിലെ ഗ്രാമ പഞ്ചായത്തുകളിലെ | പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് | എസ്. സി. എസ്. പി | 358/ 26.03.2025 | 125000 |

| | | | | | |
|---|---|---|---|---|---|
| | വിവിധ ഭാഗങ്ങളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | | | | |
| | ആകെ | | | | 52,49,442/- |

പ്രസ്തുത പദ്ധതികളുടെ ധനവിനിയോഗ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 11/ 29.10.2025), മറുപടി ലഭ്യമായില്ല. ധനവിനിയോഗ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ പരാമർശിത ഗ്രാന്റുകളിൽ നിന്നും നടത്തിയിട്ടുള്ള 52,49,442/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 പ്രധാൻ മന്ത്രി ആവാസ് യോജന - ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്ന, പ്രധാൻ മന്ത്രി ആവാസ് യോജന (P.M.A.Y) ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്,/ ഗ്രാമ പഞ്ചായത്ത്/ വാർഡ് നം. | അനുവദിച്ച് നൽകിയ തുക/ തീയതി | ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമായ മറുപടി |
|---|---|---|---|
| 1) | ജൂലി സെബാസ്റ്റ്യൻ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് (W - VII) | 48,000/- 20/12/2024 | ടി യാൾക്ക് 20/12/2024 -ൽ 48,000/- രൂപ അനുവദിച്ചെങ്കിലും അസുഖബാധിതയായി ചികിത്സയിൽ ആയിരുന്നു. ആയതിനാൽ ഭവന നിർമ്മാണം തുടർന്ന് നടത്താൻ സാധിക്കുകയില്ലയെന്ന് അറിയിക്കുകയും, കൈപ്പറ്റിയ 48,000/- രൂപ 12% പലിശ സഹിതം തിരിച്ചടക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |
| 2) | പി. എൻ. തങ്കപ്പൻ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് | 48,000/- 23/11/2024 | ടി യാൾക്ക് 23/11/2024 തുക അനുവദിച്ചിരുന്നു. എന്നാൽ, നിർമ്മാണ പ്രവൃത്തികൾക്കായി ഉദ്ദേശിച്ച സ്ഥലത്ത് നിർമ്മാണ സാമഗ്രികൾ എത്തിക്കുവാൻ ബുദ്ധിമുട്ടായതിനാൽ യാത്രാ സൗകര്യം ഉള്ള സ്ഥലം വാങ്ങിയിട്ടുണ്ട്. ഒരു മാസത്തിനകം നിർമ്മാണ പ്രവൃത്തികളുടെ |

| | | | |
|---|---|---|---|
| | | | പൂർത്തീകരണ വിവരം അറിയിക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്. |
| 3) | രമണി<br>പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത്<br>(W - VII) | 48,000/-<br>16/11/2024 | ടിയാൾക്ക് 48,000/- രൂപ അനുവദിച്ചെങ്കിലും ഹൃദയസംബന്ധമായ അസുഖം മൂലം വീട് പണി ആരംഭിക്കുവാൻ സാധിച്ചില്ല. ടിയാളുടെ ഭർത്താവ് മരണപ്പെട്ടിട്ടുള്ളതും ഏക മകൻ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതുമാണ്. സന്നദ്ധ പ്രവർത്തകരുടെ സഹായത്താൽ നിർമ്മാണ പ്രവൃത്തികൾ തുടരാൻ ശ്രമിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |
| 4) | മറിയം മത്തായി<br>പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത്<br>(W - XI) | 48,000/-<br>23/11/2024 | ടി യാൾക്ക് 23/11/2024 -ൽ ആദ്യ ഗഡുവായി 48,000/- രൂപ അനുവദിച്ചിരുന്നു. നിലവിൽ ഭിത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മേൽക്കൂര നിർമ്മാണം പൂർത്തീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട സ്റ്റേജ് കംപ്ലീഷൻ സ്റ്റാറ്റസും, നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 09/ 29.10.2025), മറുപടി ലഭ്യമായിട്ടുണ്ട്. പി. എം. എ. വൈ -യുമായി ബന്ധപ്പെട്ട്, നിലവിൽ '294' ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും, സമയബന്ധിതമായി ഫണ്ട് ലഭ്യമാകാത്തത് മൂലം, നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് പോലും പൂർണ്ണമായി ധനസഹായ തുക അനുവദിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുവെന്നും, ആയത് തുടർന്നുള്ള ഭവന നിർമ്മാണ പദ്ധതിയുടെ തുടർനടപടികളെ പ്രതികൂലമായി ബാധിക്കുന്നുവെന്നും, ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമായ മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്ന വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കാലതാമസം കൂടാതെ, നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച്, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഭരണസമിതി അംഗങ്ങളുടെ സഹകരണത്തോടെ ഈ വിഷയത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നിതിന് വേണ്ട പ്രോത്സാഹനം ഗുണഭോക്താക്കൾക്ക് നൽകേണ്ടതുമാണ്. കൈപ്പറ്റിയ തുക ദുർവിനിയോഗം ചെയ്തതായി ബോധ്യപ്പെടുന്ന പക്ഷം പിഴപ്പലിശ സഹിതം തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15-1 നിക്ഷേപ പ്രവൃത്തി-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം.102/25

വളതൂക്ക് ഡിവിഷൻ വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം
വകയിരുത്തിയ തുക – 1,50,000/- (വികസന ഫണ്ട്)
ചെലവ് - 121769 (ബിൽ നം.33/12.3.25)

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്ത് വളതൂക്ക് ഡിവിഷനിൽ കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ഭൂജലവകുപ്പിൽ 121769/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗവിവരം/ പ്രോജക്ടിന്റെ പൂർത്തീകരണസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. വിനിയോഗ/ പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ പ്രോജക്ടിനു ചെലവഴിച്ച 121769/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-15 നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമായില്ല**

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ നിക്ഷേപ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | നിർവ്വഹണ ഏജൻസി | ഫണ്ട് ഇനം അടങ്കൽ / ചെലവ് | വൗച്ചർ നം./ ബിൽ നം./ തീയതി | നിക്ഷേപിച്ച തുക (Rs.) |
|---|---|---|---|---|---|
| 1) | S0193/ 2025 തലനാട് ഗ്രാമ പഞ്ചായത്ത് - മേസ്തിരിപ്പടി മാടപ്പാട് ഭാഗം - കുഴൽ കിണറുകളുടെ പ്രവൃത്തി പൂർത്തീകരണം | ഭൂജല വകുപ്പ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 200000 / 139274 | XVFC/2024-25 (P)/15/ 06.03.2025 294/ 13.03.2025 | 1,39,274/- |
| 2) | S0129/ 2025 പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് – ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട സമുച്ചയങ്ങൾക്ക് കുടിവെള്ള വിതരണ പദ്ധതിയ്ക്ക് സോളാർ വൈദ്യുതി പാനൽ സ്ഥാപിക്കൽ | അനർട്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 537480 / 537480 | XVFC/2024-25 (P)/41/ 29.03.2025 377/ 28.03.2025 | 5,37,480/- |
| | ആകെ | | | | 6,76,754/- |

പ്രസ്തുത നിക്ഷേപ പ്രവൃത്തികളുടെ ധനവിനിയോഗ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 10/ 29.10.2025), മറുപടി ലഭ്യമായില്ല. ധനവിനിയോഗ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും നടത്തിയിട്ടുള്ള 6,76,754/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കി തടസ്സം

ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-16 ടൂറിസം പദ്ധതികൾ - ഡി. പി. ആർ -ന്മേലുള്ള തുടർനടപടികൾ ലഭ്യമായില്ല**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ ഉൾപ്പെട്ട വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം അടക്കമുള്ള സമഗ്രമായ വികസനം എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, 'ടൂറിസം പഠനം ഡി. പി. ആർ തയ്യാറാക്കൽ' എന്ന 2023-2024 സ്പിൽ ഓവർ പദ്ധതി, തൻ വർഷ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. / പേര് | S0130/2025<br>ടൂറിസം പഠനം ഡി. പി. ആർ തയ്യാറാക്കൽ<br>(Detailed Project Report On Prospects And Potentials Of Tourism Circuit Under Erattupetta Block Panchayat) |
| ഫണ്ട് അടങ്കൽ / ചെലവ് | വികസന ഫണ്ട് (ജനറൽ)<br>3,29,000/- / 3,29,000/- |
| ബിൽ നം. / തീയതി | BRN : 24090263095800697399/ 24.09.2024 (1,64,500/-)<br>BRN : 24090263095801534312/ 14.03.2025 (1,64,500/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി<br>ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് |

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള (പദ്ധതി നം. 13) 'ടൂറിസം പഠനം ഡി.പി.ആർ തയ്യാറാക്കൽ' എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ ടെണ്ടറുകൾ പരിശോധന നടത്തിയും, പ്രൊക്യൂർമെന്റ് സമിതിയുടെ ശുപാർശകളും നിരീക്ഷണങ്ങളും ഭരണസമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ആകെ ലഭിച്ച നാല് ടെണ്ടറുകളിൽ M/S Earthscape Architecture & Planning, Thodupuzha എന്ന സ്ഥാപനം കോട്ട് ചെയ്ത തുക Rs.3,90,000/- രൂപയിന്മേൽ നെഗോഷിയേഷൻ നടത്തി, 3,29,000/- എന്ന ടെണ്ടർ തുകയ്ക്ക് ഭരണസമിതിയുടെ 3 (3)/ 16.01.2024 നം. തീരുമാനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ M/S Earthscape Architecture & Planning, Thodupuzha എന്ന സ്ഥാപനം ബന്ധപ്പെട്ട വിഷയത്തിൽ പഠനം നടത്തി ഡി.പി.ആർ സമർപ്പിച്ചിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി തുകയായ 3,29,000/- രൂപ സ്ഥാപനത്തിന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. സമർപ്പിക്കപ്പെട്ടിട്ടുള്ള ഡി. പി. ആർ -ന്മേൽ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13/ 29.10.2025), മറുപടി ലഭ്യമായില്ല. പ്രസ്തുത ഡി. പി. ആർ -ന്മേൽ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ, പ്രസ്തുത പദ്ധതിക്കായി വികസന ഫണ്ട് (ജനറൽ) വിഭാഗത്തിലുള്ള 3,29,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 വനിതാ വിപണന കേന്ദ്രങ്ങൾ ലക്ഷ്യം കൈവരിച്ചിട്ടില്ല

2024-25 വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി വികസനഫണ്ടിൽ പൊതുവിഭാഗത്തിൽ നിന്ന് തുക ചെലവഴിച്ച് ബ്ലോക്ക്പഞ്ചായത്തിന്റെ വിവിധ ഡിവിഷനുകളിൽ 7 വനിതാവിപണനകേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണികൾ/നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണം നടത്തിയിട്ടുണ്ട്. വിശദവിവരം താഴെച്ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നം.പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | S0122/25 മൂന്നിലവ് വനിതാഉല്പന്നവിപണനകേന്ദ്രം-അടിസ്ഥാനസൗകര്യവികസനം | വികസനഫണ്ട് 4,00,000 | 4,00,000 ബിൽ നം.8/29.5.24 |
| 2 | S0150/25 തലനാട് കുടുംബശ്രീവിപണനകേന്ദ്രം-അനുബന്ധപണികൾ | വികസനഫണ്ട് 3,50,000 തനത് ഫണ്ട് – 50000/- | 3,50,000 ബിൽ നം.23/26.11.24 |
| 3 | S0118/25 തീക്കോയി വനിതാവിപണനകേന്ദ്രം മെയിന്റനൻസും അനുബന്ധ പ്രവർത്തനങ്ങളും | വികസനഫണ്ട് 4,46,401 | 4,46,401 ബിൽ നം.30/16.5.24 |
| 4 | S0119/25 തലനാട് വനിതാവിപണനകേന്ദ്രം പൂർത്തീകരണം | വികസനഫണ്ട് 2,89,650 | 2,89,650 ബിൽ നം.30/16.5.24 |
| 5 | S0001/25 പാതാമ്പുഴ ഡിവിഷൻ മന്നം വനിതാഉല്പന്ന വിപണനകേന്ദ്രം | വികസനഫണ്ട് 3,10,765 | 3,10,765 ബിൽ നം.43/21.3.25 |
| 6 | S0121/25 തീക്കോയി ഗ്രാമപ്പഞ്ചായത്ത് വനിതാവിപണനകേന്ദ്രം മെയിന്റനൻസും അനുബന്ധപ്രവർത്തനങ്ങളും | വികസനഫണ്ട് 1,50,000 | 1,50,000 ബിൽ നം.10/29.5.24 |
| 7 | S0151/25പൂഞ്ഞാർ പ്പഞ്ചായത്ത് വനിതാബോധവത്ക്കരണ സെന്റർ പൂർത്തീകരണം | വികസനഫണ്ട് 2,00,000 | 2,00,000 ബിൽ നം.20/26.11.24 |
| | ആകെ | 21,46,816 | 21,46,816 |

മേല്പറഞ്ഞ വനിതാവിപണനകേന്ദ്രങ്ങളിൽ തീക്കോയി ഗ്രാമപ്പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ളതു മാത്രമാണ് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളത് എന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.പാതാമ്പുഴ മന്നം വനിതാവിപണനകേന്ദ്രം പണി പൂർത്തീകരിച്ചിട്ടില്ല.ബാക്കിയുള്ളവ കേവലം കെട്ടിടനിർമ്മിതിയിൽ മാത്രമായി ഒതുങ്ങിനിൽക്കുന്നു.

പുതുശ്ശേരി കോളനിയിൽ നിർമ്മിച്ചിട്ടുള്ള മൂന്നിലവ് വനിതാവിപണനകേന്ദ്രം വനിതാസ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യാതൊരുവിധ സാധ്യതകളുമില്ലാത്ത ഒരു ഉൾപ്രദേശത്താണെന്ന് പ്രാദേശികപരിശോധനയിൽ വ്യക്തമായി. വികസനഫണ്ട് പൊതുവിഭാഗത്തിന്റെ 10% തുക വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണെന്ന പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കുന്നതിനു വേണ്ടി മാത്രം പ്രോജക്ടുകൾ നടപ്പാക്കുക എന്നതിലുപരി വനിതകൾക്ക് തൊഴിൽദായകവും

വരുമാനദായകവുമായ പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നിലവിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ഇത്തരത്തിൽ പ്രയോജനപ്പെടുത്തി വിവരം അറിയിക്കുന്നതുവരെ ക്രമ നമ്പർ (3), (6) ഒഴികെ ചെലവഴിച്ച് 1550415 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1-18 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല -39.04 ലക്ഷം രൂപയുടെ വിനിയോഗ ലക്ഷ്യം കൈവരിച്ചില്ല</u>**

ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വാർഷികപദ്ധതിയിൽപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി വിവിധ ഗ്രാമപ്പഞ്ചായത്തുകളിലായി താഴെപ്പറയും പ്രകാരം 10 കുടിവെള്ളപദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ട്. ഇവയുടെ പൂർത്തീകരണം, ഗുണഭോക്തൃസമിതിയ്ക്ക് കൈമാറൽ എന്നീ വിവരങ്ങൾ അന്വേഷിച്ചു നൽകിയ ഓഡിറ്റ് എൻകായറി നം.3/24.10.25ന് 3 കുടിവെള്ളപദ്ധതികൾ മാത്രം പൂർത്തീകരിച്ചതായാണ് മറുപടി ലഭ്യമാക്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്ട് നം. / പേര് | വകയിരുത്തിയ തുക / | ചെലവഴിച്ച തുക | ചെയ്ത പ്രവൃത്തിയും പൂർത്തീകരണവിവരവും |
|---|---|---|---|---|
| 1 | S0170/25 മൈലാടുംപാറ കുടിവെള്ളപദ്ധതി -തലനാട് | 3,00,000(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 299652 XVFC/2024-25/ P/25/26.3.25 | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് |
| 2 | S0147/25 നെടുങ്ങനാൽ ശുദ്ധജലപദ്ധതി | 5,56,731(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 556731 (501057+55674) XVFC/2024-25/ P/6/30.12.24 XVFC/2024-25/ P/24/26.3.25) | 5HP മോട്ടോർ,പമ്പിംഗും വിതരണലൈനും സ്ഥാപിക്കൽ,ചുറ്റുമതിൽ നിർമ്മാണം പദ്ധതി പൂർത്തീകരിച്ചിട്ടില്ല. |
| 3 | S0026/25 പൂഞ്ഞാർ പഞ്ചായത്ത് തണ്ണിപ്പാറകുടി വെള്ളപദ്ധതി പൂർത്തീകരണം | 2,00,000(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 159637 ( -ടി-) XVFC/2024-25/ P/23/26.3.25 | വാട്ടർടാങ്കിന് മൂടി സ്ഥാപിക്കൽ,ടാങ്കിലേയ്ക്ക് സ്റ്റെയർകേസ് നിർമ്മാണം പദ്ധതി പൂർത്തീകരിച്ചിട്ടില്ല. |
| 4 | S0165/25 മേലുകാവ് പഞ്ചായത്ത് - കിഴക്കേപ്പാറകുടി വെള്ളപദ്ധതിയ്ക്ക് ടാങ്ക് നിർമ്മാണം | 415731(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 415731 XVFC/2024-25/ P/31/28.3.25 | പി വി സി ടാങ്ക് സ്ഥാപിക്കൽ,പൈപ്പ് ലൈൻ ഇടൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല |
| 5 | S0156/25 മേലുകാവ് പഞ്ചായത്ത്- കളത്തിക്കണ്ടം കുടിവെള്ളപദ്ധതി | 481480(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 481480 XVFC/2024-25/ P/4/16.12.2024 | പമ്പ് ഹൗസ് നിർമ്മാണം,പൈപ്പ് ലൈൻ ഇടൽ |

| | | | | |
|---|---|---|---|---|
| 6 | S0166/25 മേലുകാവ് പഞ്ചായത്ത് -രാജീവ്ഗാന്ധി കോളനി കുടിവെള്ളപദ്ധതി | 3,00,000(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 250510 XVFC/2024-25/ P/20/21.3.25 | പൂർത്തീകരിച്ചിട്ടുണ്ട്. |
| 7 | S0024/25 കലേക്കണ്ടം ഡിവിഷൻ നെടുങ്കനാൽ കുടിവെള്ളപദ്ധതി പൂർത്തീകരണം | 3,00,000(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 255088 (-ടി-) XVFC/2024-25/ P/24/26.3.25 | ഇൻഫിൽട്രേഷൻ ഗാലറിയ്ക്ക് റൂഫ് നിർമ്മാണം,5000ലിറ്റർ ടാങ്കും വിതരണലൈനും സ്ഥാപിക്കൽ |
| 8 | S0157/25 പൂഞ്ഞാർ പഞ്ചായത്ത്- തണ്ണിപ്പാറ കുടിവെള്ളപദ്ധതി പൂർത്തീകരണം | 500000 (വികസനഫണ്ട്-ജനറൽ) | 500000 (377388 ബിൽ നം.10/29.5.24 122622 ബിൽ നം. 35/7.3.25) | വാട്ടർടാങ്ക്,പമ്പ്ഹൗസ് റൂഫിംഗ്,പൈപ്പ് ലൈൻ ഇടൽ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല. |
| 9 | S0103/25 കുന്നോന്നി എസ് സി കോളനി ശുദ്ധജലപദ്ധതി നവീകരണം | 329465 (വികസനഫണ്ട്- എസ് സി പി) | 329464 ബിൽ നം.1/16.5.24 | പൂർത്തീകരിച്ചിട്ടുണ്ട് |
| 10 | S0107/25 പെരിങ്ങുളം കളത്തിങ്കൽ ബി എസ് ടി കോളനി കുടിവെള്ളപദ്ധതി | 400256 (വികസനഫണ്ട് - ടി എസ് പി) | 400256 ബിൽ നം.3/16.5.24 | പൂർത്തീകരിച്ചിട്ടുണ്ട്. |
| | | ആകെ | 37,71,171 | |

ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തു നടപ്പാക്കിയ കുടിവെള്ളപദ്ധതികളിൽ 3 എണ്ണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ബാക്കിയുള്ളവയുടെ ഭാഗികമായ നിർമ്മാണപ്രവർത്തനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളത്. പൂർത്തീകരിച്ചവ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. വൻതുക അടങ്കലിൽ ഘട്ടങ്ങളായി നടപ്പാക്കിയ പൂഞ്ഞാർ തണ്ണിപ്പാറ കുടിവെള്ളപദ്ധതിയുടെ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തുകളുടെ സമ്മതത്തോടെ ബ്ലോക്ക്പഞ്ചായത്തുകൾ കുടിവെള്ളപദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുമ്പോൾ പൂർത്തീകരണം ലക്ഷ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി നടപ്പാക്കുകയും ജലവിതരണം സുഗമമാക്കത്തക്കവിധം പൂർത്തീകരിക്കുകയും ചെയ്യേണ്ടതാണ്. മേല്പറഞ്ഞ കുടിവെള്ളപദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതികൾക്ക് കൈമാറി പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ തൻവർഷം ചെലവഴിച്ച 37,71,171/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-19 വനിതാ ഫിറ്റ്നസ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല**

പ്രോജക്ട്നം. 104/25
കളത്തുക്കടവ് ഡിവിഷൻ ഇടമറുക് പ്രോഗ്രസ്സീവ് ലൈബ്രറി കെട്ടിടത്തിൽ വനിതാഫിറ്റ്നസ് സെന്റർ നിർമ്മാണവും അനുബന്ധഉപകരണങ്ങൾ വാങ്ങലും

വകയിരുത്തിയ തുക -772955/- (വികസന ഫണ്ട്)
ചെലവ് -772955
ബിൽ നം.19/10.12.24

പ്രോജക്ട് പ്രകാരം 2024-25 വർഷം ഇടമറുക് പ്രോഗ്രസ്സീവ് ലൈബ്രറികെട്ടിടത്തിന്റെ മുകൾനിലയിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി ഫിറ്റ്നസ് സെന്റർ നിർമ്മിച്ചിട്ടുണ്ട്. 2025-26 വർഷം പ്രോജക്ട് നം.32/26 പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്ന് 5 ലക്ഷം രൂപ ചെലവഴിച്ച് ജിം ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതായും പ്രാദേശികപരിശോധനയിൽ വ്യക്തമായി. എന്നാൽ ഫിറ്റ്നസ് സെന്ററിന് കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ല. ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് പരിശീലകരെ നിയോഗിച്ചിട്ടില്ല. ഫിറ്റ്നസ് സെന്ററിന്റെ പ്രവർത്തനരീതി, നിയന്ത്രണം സമയക്രമം, പ്രവേശനം, ഫീസ് തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കുന്ന ബൈലോ തയ്യാറാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/29.10.25ന് മറുപടി ലഭിച്ചിട്ടില്ല. ഫിറ്റ്നസ് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച് ബൈലോ തയ്യാറാക്കേണ്ടതും പരിശീലകരെ നിയമിച്ച് സെന്റർ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതുമാണ്. സെന്റർ പ്രവർത്തനം ആരംഭിക്കുന്നതുവരെ ചെലവഴിച്ച് 7,72,955/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**<u>1-20 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ - ഗുണഭോക്തവിന്റെ ഡ്രൈവിങ്ങ് ലൈസൻസ് ലഭ്യമായില്ല</u>**

| | |
|---|---|
| പ്രോജക്റ്റ് നം./പേര് | SO116/2024-25<br>ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം |
| ഫണ്ട് | വികസന ഫണ്ട് - ജനറൽ<br>അടങ്കൽ : 339134/-<br>ചെലവ് : 227134/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ് |
| ബിൽ നം. | 209/16.05.2024 : 1,19,134/-<br>459/06.03.2025: 1,08,000 |
| കെൽട്രോൺ ഇൻവോയ്സ് നം. | PR/19/24-25/.01.02.2025 :1,08,000<br>P 161W/02.03.2024 : 1,19,134/- |

മേൽ പ്രോജക്ട് പ്രകാരം കെൽട്രോണിൽ നിന്നും സൈഡ് വീൽ ഉൾപ്പടെയുള്ള Hero Destini 125 CC സ്കൂട്ടർ വാങ്ങി ശ്രീ.തങ്കച്ചൻ റ്റി.ജെ എന്ന ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. ലേണേഴ്സ് ലൈസൻസിന്റെ അടിസ്ഥാനത്തിലാണ് വാഹനം നൽകിയത്.വാഹനം ലഭിച്ച് കഴിയുമ്പോൾ ഗുണഭോക്താവ് പ്രസ്തുത വാഹനത്തിനുള്ള ലൈസൻസ് എടുക്കേണ്ടതും ആയത് പഞ്ചായത്തിൽ ഹാജരാക്കേണ്ടതുമാണ്.എന്നാൽ സ്കൂട്ടർ കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെയും ഡ്രൈവിങ് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല .

| ഗുണഭോക്താവ് | ഗ്രാമപഞ്ചായത്ത് | കൈപ്പറ്റിയ സ്കൂട്ടർ രജിസ്റ്റർ നം./ തീയതി | ലേണേഴ്സ് ലൈസൻസ് നം. | ലേണേഴ്സ് ലൈസൻസ് കാലാവധി |
|---|---|---|---|---|
| തങ്കച്ചൻ റ്റി.ജെ തടിക്കപറമ്പിൽ | പൂഞ്ഞാർ | KL35M9759 /07.12.2024 | KL35/0004307/2024 RTO-Pala | 10.06.2024 മുതൽ 09.12.2024 വരെ |

ഡ്രൈവിങ്ങ് ലൈസൻസ് എടുക്കാതെ ഗുണഭോക്താക്കൾക്ക് വാഹനം അനുവദിച്ചതിനാൽ ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിലിന് സഹായം എന്ന പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.06/27.10.2025) നൽകിയതിന് ഗുണഭോക്താക്കൾ നിലവിൽ ഡ്രൈവിങ്ങ് ലൈസൻസ്

എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും ലൈസൻസ് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുന്നതാണെന്നും ശിശു വികസന പ്രോജക്ട് ഓഫീസർ അറിയിച്ചു. സ.ഉ (കൈ) നം. 45/2022/LSGD, തീയതി. 28.05.2022 നമ്പർ സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക നം. 7.1.2 (6) പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ ലൈസൻസ് ഗുണഭോക്താവിന് നിർബന്ധമാണ്. ഗുണഭോക്താക്കൾ ഡ്രൈവിങ്ങ് ലൈസൻസ് എടുത്ത ശേഷം ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി നൽകേണ്ടതാണ്. അതുവരെ ടി പ്രോജക്ടിന് ചെലവഴിച്ച 2,27,134/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു..

## 1-21 ഇടമറുക് സി എച്ച് സി യ്ക്ക് മരുന്ന്/ഉപകരണങ്ങൾ വാങ്ങൽ - മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, ഇടമറുക് സി എച്ച് സി നിർവ്വഹണം നടത്തിയ മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ പ്രോജക്ടുകൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നും അനുബന്ധ സാമഗ്രികളും പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ/ ഫണ്ടിനം | ആകെ ചെലവ് തുക | മരുന്ന് ലഭ്യമായത് | മരുന്ന് ലഭ്യമാകാത്തത് |
|---|---|---|---|---|
| 97/25 ഗുരുതര കിഡ്നി രോഗബാധിതർ ക്യാൻസർ രോഗികൾ എന്നിവർക്ക് മരുന്നും അനുബന്ധ സാമഗ്രികളും ചിലവുകളും | 3876/- വികസനഫണ്ട് (ജനറൽ) 601557 മെയിന്റനൻസ് ഫണ്ട് (റോഡിതരം) | വികസന ഫണ്ട് ചെലവഴിച്ചിട്ടില്ല 601557/- ബിൽ നം. 222/10.06.2024 | 356949 | 244608/- |
| 50/25 ഇടമറുക് സി എച്ച് സി യിലെ മരുന്ന് വാങ്ങൽ | 1990093/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1591215/- ബിൽ നം. 288/15.10.2024 ബിൽ നം.282/10.10.2025 | 834690 | 756525 |
| | | ആകെ | 1191639/- | 1001133/- |

മേൽ പ്രോജക്ടുകളുടെ ഭാഗമായി മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങലിനായി 1001133/- രൂപ കെ.എം.എസ്.സി.എൽ, എന്ന സ്ഥാപനത്തിന് നൽകിയെങ്കിലും മരുന്നുകളും ഉപകരണങ്ങളും ഇതുവരെയും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 08/27.10.2025) മരുന്ന് ലഭ്യമാക്കുന്നതിനായി കെ എം എസ് സി എൽ - ന് കത്ത് നൽകിയിട്ടുണ്ടെന്നും ഈ സാമ്പത്തികവർഷം അവസാനത്തോടു കൂടി മാത്രമേ മരുന്നുകൾ ലഭ്യമാകുകയുള്ളു എന്നും മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാകുന്നത് വരെ 1001133/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം. 101/25
അടങ്കൽ – ടി.എസ്.പി – 799744
തനത് ഫണ്ട് – 256
ആകെ – 8,00,000/-
ചെലവ് – ടി.എസ്.പി – 6,00,000/-

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി എന്ന പ്രോജക്ട് പ്രകാരം വിദ്യാർത്ഥികൾക്ക് പഠനമുറിക്കായി പരമാവധി 2 ലക്ഷം രൂപ എന്ന നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. ധനസഹായം കൈപ്പറ്റിയ ഗൗതം വി രാജീവ് എന്ന ഗുണഭോക്താവ് നാളിതുവരെ പഠന മുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ വിവരം | കൈപ്പറ്റിയ തുക | ബിൽ നമ്പർ/ തീയതി | നിലവിലെ സ്ഥിതി (ഫയൽ പ്രകാരം ) |
|---|---|---|---|---|
| 1 | ഗൗതം വി രാജീവ് തീക്കോയി | 170000 | 212/26.1.24 – 30,000/- 204/9.5.24– 60,000/- 205/9.5.24 – 80000/- | ഭിത്തി നിർമ്മാണം പകുതി പൂർത്തിയായി |

പ്രസ്തുത ഗുണഭോക്താവ് ആദ്യ മൂന്ന് ഗഡുക്കൾ കൈപ്പറ്റിയിട്ടും നാളിതുവരെ നിർമാണം പൂർത്തീകരിക്കാത്തതിന് രേഖമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.07/27.10.2025) പഠനമുറി വാർപ്പ് വരെ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഭിത്തി തേക്കുവാനും തറ ടൈൽസ് ഇടാനും അവശേഷിക്കുന്നതായും മറുപടി ലഭ്യമാക്കി. മുറിയുടെ പണി പൂർത്തീകരിച്ച് അവസാന ഗഡു കൈമാറി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 ഹെൽത്ത് ഗ്രാന്റ്-അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. പദ്ധതിയുടെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ളത് താഴെപ്പറയുന്ന സർക്കാർ ഉത്തരവുകളും സർക്കുലറുകളുമാണ്.

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ്

പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.

2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

09.08.2023 ലെ സ.ഉ (സാധാ)നം 1625/2023/LSGD പ്രകാരം സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത സാമുഹികാരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം പണിയുക, സ്കീം 2 പ്രകാരം ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം നൽകുക എന്നീ പ്രവർത്തനങ്ങളാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നടപ്പിലാക്കാവുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

**ഫണ്ട് വിശകലനം**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കീം | 21-22 | 22-23 | 23-24 | 24-25 |
|---|---|---|---|---|---|
| 1 | ബിൽഡിംഗ് ലെസ് സബ്സെന്ററേഴ്സ്, പി.എച്ച്.സി, സി.എച്ച്.സി | 0 | **0** | 0 | 0 |
| 2 | ബ്ളോക്ക് ലെവൽ പബ്ളിക്ക് ഹെൽത്ത് യൂണിറ്റ് | 0 | **2550000** | 0 | 2895000 |
| 3 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റി 1.സബ് സെന്ററേഴ്സ് | 0 | 0 | 0 | 0 |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രച്ചർ | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| | ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റി 2.പി.എച്ച്.സി | | | | |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി ആന്റ് സബ്സെന്ററെഴ്സ് ഇൻ ടു ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ | 0 | 0 | 0 | 0 |

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം പ്രതിഫലിക്കുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ വിവിധ സ്കീമുകളിൽ ലഭ്യമായ ഹെൽത്ത് ഗ്രാന്റുകളുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു .

| ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| 2021-2022 | 2022-2023 | 2023-2024 | 2024-25 | | 2021-2022 | 2022-2023 | 2023-2024 | 2024-2025 | | |
| - | 2550000 | - | 28,95,000 | 5445000 | - | 1792542 | - | 1,94,519 | 1987061 | 3457939 |

ബ്ലോക്ക് പഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭിച്ച തുകയിൽ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ പലിശ ഉൾപ്പടെ 35,87,302 /-**(പലിശ 129363)** രൂപ 31.03.2025 വരെ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റെ ഈരാറ്റുപേട്ട ശാഖയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലൂടെയാണ് (അക്കൗണ്ട് നം. 345901000004000) നടത്തുന്നത്. അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറും സൗകര്യങ്ങൾ ഒരുക്കൽ, ഉപകരണങ്ങൾ വാങ്ങൽ എന്നിവ സെക്രട്ടറിയും മെഡിക്കൽ ഓഫീസർമാരുമാണ് നിർവ്വഹിക്കുന്നത്.

ഓരോ സാമ്പത്തിക വർഷവും അവസാനത്തെ ആഴ്ചകളിലാണ് തൻവർഷത്തെ ഗ്രാന്റുകൾ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാകുന്നത്. ആയതിനാൽ യഥാസമയം ഗ്രാന്റ് ചെലവഴിക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. തൻവർഷം 5.54% മാത്രമാണ് ഹെൽത്ത് ഗ്രാന്റിന്റെ ചെലവ്. ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സായി പോകുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്. പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിൽ

ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗം ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് - പ്രീമിയം ഒടുക്ക് വിവരങ്ങൾ

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 30 | 15,000/- | 15,000/- | ഇല്ല | 03/ 2025 പ്രകാരം |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | -- | -- | -- | -- | -- |

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ

ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ഇല്ല | -- | -- | -- | -- |

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | -- | -- | -- | -- | -- |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2024-25 | 21/07/2025 | 24/10/2025 |

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 4(1)/19.07.2025 നം. തീരുമാനം പ്രകാരം, വാർഷിക ധനകാര്യ പത്രികയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2024-25 | 4384000/- | 56/2025 പി.എം.എ.വൈ (ജനറൽ) | 4384000/- | 0 |
| | 2024-25 | 1000000/- | 74/2025 പി.എം.എ.വൈ (ടി. എസ്. പി) | 1000000/- | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2024-25 | 294000/- | 77/2025 പി.എം.എ.വൈ (എസ്. സി. എസ്. പി) | 294000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 196000/- | 120/2025 (സ്പിൽ ഓവർ) പി.എം.എ.വൈ (എസ്. സി. എസ്. പി) | 196000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 700000/- | 113/2025 (സ്പിൽ ഓവർ) ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 700000/- | 0 |
| | **ആകെ** | **65,74,000/-** | | **65,74,000/-** | **0** |
| ഗ്രാമ പഞ്ചായത്തുകൾ | 2024-25 | 2480000/- | 56/2025 പി.എം.എ.വൈ (ജനറൽ) | 2480000/- | 0 |
| | **ആകെ** | **24,80,000/-** | | **24,80,000/-** | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1) | ഭൂജല വകുപ്പ് | 193/2025 തലനാട് ഗ്രാമ പഞ്ചായത്ത് - മേസ്തിരിപ്പടി മാടപ്പാട് ഭാഗം - കുഴൽ കിണറുകളുടെ പ്രവൃത്തി പൂർത്തീകരണം | 1,39,274/- | 0 | 1,39,274/- |
| 2) | അനർട്ട് | 129/2025 പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് – ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട സമുച്ചയങ്ങൾക്ക് കുടിവെള്ള വിതരണ പദ്ധതിയ്ക്ക് സോളാർ വൈദ്യുതി പാനൽ സ്ഥാപിക്കൽ | 5,37,480/- | 0 | 5,37,480/- |
| 3) | ഭൂജല | 102/2025 | 1,21,769/- | 0 | 1,21,769/- |

| | | | | | | |
|---|---|---|---|---|---|---|
| | വകുപ്പ് | വളത്തൂക്ക് ഡിവിഷൻ - വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം | | | | |

**4-5 മൊബിലൈസേഷൻ അഡ്വാൻസ്**

തൻ വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല.

**4-6 വായ്പ / വായ്പ തിരിച്ചടവ്**

2024-2025 വാർഷിക ധനകാര്യ പത്രിക പ്രകാരം, ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ ബാധ്യതയായി മുന്നിരിപ്പോ തിരിച്ചടവാക്കുവാൻ അവശേഷിക്കുന്ന തുകയോ ഇല്ല.

**4-7 സ്ഥിരനിക്ഷേപങ്ങൾ**

2024-2025 വാർഷിക ധനകാര്യ പത്രിക പ്രകാരം, ബ്ലോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

**4-8 ഓഡിറ്റ് റിക്കവറി**

റിക്കവറി ഇനത്തിൽ സ്വീകരിക്കുന്ന തുകകളുടെ വിവരങ്ങൾ, ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം., ഈടാക്കിയ തുക, അടവാക്കിയ വ്യക്തിയുടെ പേരും, ഉദ്യോഗപ്പേരും, വിലാസവും, റിക്കവറി ഇനം, രസീത് നം., തീയതി തുടങ്ങിയവ ഉൾപ്പെടുത്തി ഓഡിറ്റ് റിക്കവറി രജിസ്റ്റർ സ്ഥാപനത്തിൽ പരിപാലിക്കേണ്ടതും, ആയത് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (സെക്രട്ടറി) സാക്ഷ്യപ്പെടുത്തി അധികൃതമാക്കേണ്ടതുമാണ്. എന്നാൽ, മേൽ സൂചിപ്പിച്ചത് പ്രകാരമുള്ള ഓഡിറ്റ് റിക്കവറി രജിസ്റ്റർ സ്ഥാപനത്തിൽ ലഭ്യമാകാത്തതിനാൽ, റിക്കവറി ഇനത്തിൽ ലഭ്യമായിട്ടുള്ള പ്രസ്തുത തുകയുടെ പൂർണ്ണ വിശദാംശങ്ങൾ ലഭ്യമാകുന്നില്ല. ബന്ധപ്പെട്ട കണക്ക് ശീർഷകത്തിന്റെ (RP-10/ 180400101) തൻ വർഷത്തെ ലഡ്ജർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 2023-2024 ലോക്കൽ ഫണ്ട് ഓഡിറ്റ് റിക്കവറി എന്ന പ്രകാരം 9520/- രൂപ (V. No. 900017100048/ 30.11.2024) ലഭ്യമായതായി കാണുന്നു.

**4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3(6) | 2007-08 | 3-34-1 | എസ്.എൻ. ബാലവാടി ചൊവ്വൂർ റോഡ് പുനരുദ്ധാരണ പ്രവൃത്തിയിലെ ക്രമക്കേടുകൾ | - |
| 2005-06 | 3(6),3(7), 3(8) | 2007-08 | 3-34-2 | നബാർഡ് സഹായത്തോടുകൂടി ഏറ്റെടുത്ത റോഡ് നിർമ്മാണ പ്രവൃത്തികൾ – | - |

| | | | | | |
|---|---|---|---|---|---|
| | | | | ഗുരുതരമായ അപാകതകൾ | |

**4-10 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

**4-11 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് ഉൾപ്പെടെയുള്ള ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 72,038,220/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 60,776,739/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : | 61,686,259/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : | 65,958,780/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,37,59,773/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (Rs.) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 (I) | 30000 | ശ്രീ. സക്കീർ ഹുസൈൻ ഇബ്രാഹിം<br>ബ്ലോക്ക് പഞ്ചായത്ത് മുൻ സെക്രട്ടറി<br>(സേവനത്തിൽ നിന്നും വിരമിച്ചു) |
| | 30000 | ശ്രീ. ബാബുരാജ്. കെ<br>ബ്ലോക്ക് പഞ്ചായത്ത് മുൻ |

| | | |
|---|---|---|
| | | സെക്രട്ടറി<br>(സേവനത്തിൽ നിന്നും വിരമിച്ചു) |
| 1-13 | 5249442 | ശ്രീ. ബാബുരാജ്. കെ<br>ബ്ലോക്ക് പഞ്ചായത്ത് മുൻ സെക്രട്ടറി<br>(സേവനത്തിൽ നിന്നും വിരമിച്ചു) |
| 1-15 | 676754 | ശ്രീ. ബാബുരാജ്. കെ<br>ബ്ലോക്ക് പഞ്ചായത്ത് മുൻ സെക്രട്ടറി<br>(സേവനത്തിൽ നിന്നും വിരമിച്ചു) |
| 1-15-1 | 121769 | ശ്രീമതി. അശ്വതി. എ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-16 | 329000 | ശ്രീ. ബാബുരാജ്. കെ<br>ബ്ലോക്ക് പഞ്ചായത്ത് മുൻ സെക്രട്ടറി<br>(സേവനത്തിൽ നിന്നും വിരമിച്ചു) |
| 1-17<br>ക്രമ നം. 1 & 4 | 689650 | ശ്രീമതി. സൂര്യ സുരേഷ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-17<br>ക്രമ നം. 2, 5 & 7 | 860765 | ശ്രീമതി. അശ്വതി. എ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-18 | 3771171 | ശ്രീമതി. സൂര്യ സുരേഷ്<br>അസിസ്റ്റന്റ് എഞ്ചിനീയർ- 13523421<br>ശ്രീമതി. അശ്വതി. എ<br>അസിസ്റ്റന്റ് എഞ്ചിനീയർ- 2418829 |
| 1-19 | 772955 | ശ്രീമതി. അശ്വതി. എ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-20 | 227134 | ശ്രീമതി. ജാസ്മിൻ. കെ<br>ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ |
| 1-21 | 1001133 | ഡോ. മുഹമ്മദ് ജിജി<br>മെഡിക്കൽ ഓഫീസർ |
| **ആകെ** | 1,37,59,773/- | |

(ഡി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

**4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.കെ.പി2/88/12/02.05.2013 | - |
| 2000-01 & 2001-02 | എൽ.എഫ്.കെ.പി2/88/12/30.04.2013 | 6 |
| 2002-03 | എൽ.എഫ്.കെ.പി2/88/12/30.04.2013 | - |
| 2003-04 | എൽ.എഫ്.കെ.പി2/88/12/02.05.2013 | - |
| 2004-05 | എൽ.എഫ്.കെ.പി2/88/12/30.04.2013 | - |
| 2005-06 | എൽ.എഫ്.കെ.പി2/88/12/30.04.2013 | 9 |
| 2006-07 | എൽ.എഫ്.കെ.പി2/88/12/02.05.2013 | 13 |
| 2007-08 | എൽ.എഫ്.കെ.പി2/88/12/22.03.2013 | - |
| 2008-09 | എൽ.എഫ്.കെ.പി2/88/12/22.03.2013 | - |
| 2009-10 | എൽ.എഫ്.കെ.പി2/88/12/30.04.2013 | - |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി15/അദാ./18/807(1)/18/07.05.2018 | 7 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി15/അദാ./18/807(2)/18/07.05.2018 | 4 |
| 2012-13 & 2013-14 | കെ.എസ്.എ-കെ.ടി.എം.പി15/അദാ./18/807(3)/18/07.05.2018 | 5 |
| 2014-15 & 2015-16 | കെ.എസ്.എ-കെ.ടി.എം.പി15/അദാ./18/807(4)/18/ 07.05.2018 | 9 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.15/1533/19/10.10.2019 | 9 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.15/1416/2019/03.10.2019 | 18 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി15/778/20/28.09.2020 | 14 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി15/775/2022/24.05.2022 | 11 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി15/776/2022/26.05.2022 | 21 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി15/2593/2022/26.05.2022 | 44 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി15/1219/2023/16.03.2024 | 30 |
| 2023-24 | കെ.എസ്.എ-കെ.ടി.എം.പി15/1561/2024/21.02.2025 | 36 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 4(1) dated 19-07-2025 and submitted on 21-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Erattupetta Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Erattupetta Block Panchayat as on 31-03-2025

**Date: 03/01/2026** **Senior Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Erattupetta Block Panchayat for the Year 2024-2025.

### 1.Major Observations

1) Basic records are not available to verify the accuracy of General Fund and Capital Reserves of the Panchayat as on 31/03/2025.

2) Asset Register has not been updated.

3) Capital asset figures are not accurate.

### 2.Other Observations

1) Advance register, Deposit register, Government/Other dues register etc, has not been maintained as per norms.

2)Proper Data and Calculation sheet for depreciation account has not provided.

3) Transactions regarding MGNREGS, has not been reflected in the Annual Financial Statement.

4) Since the advance register has not been maintained with the year-end summary as recommended, the accuracy of the amounts in Schedule B-18 cannot be ascertained. (including the advance and balance of advances of Rs. 867878/-, Rs. 187572/-, Rs. 537480/-, Rs. 146188/- and Rs. 70148/- respectively existing under the heads 460100103, 460500204, 460500499, 460500501 and 460509901 in Schedule B-18). It is not clear whether the advance amounts have been adjusted.

5) Since the deposit register has not been maintained with the year end summary as recommended, the accuracy of the amounts in Schedule B-7 cannot be ascertained. (including the deposits and balance of deposits of Rs. 37800/-, Rs. 3000/-, Rs. 607395/-, Rs. 2396/- and Rs. 237000/- respectively existing under the heads 340100103, 340100203, 340100301, 340109901 and 340200101 in Schedule B-7). It is not clear whether the deposit amounts have been adjusted.

6) For deposit work, the amount of Rs. 1,21,769/- deposited in the Ground Water Department under Project No. 102/2025, was not accounted under the advance head 460500204/ Advance to Implementing Agencies - Deposit with Ground Water Department.

7) For deposit work, the amount of Rs. 5,37,480/- deposited in 'Anert' under Project No. 129/2025 was not accounted under the advance head 'Advance to Implementing Agencies -It is accounted under Advance to Accredited Agencies head.

8) The redemption amount has not been fully accounted.

9) Finance Commission Grant - Details of adjustment of amounts, has not been explained.

10)The circumstances under which the Opening balance of Finance Commission (Tied) Grant being negative.- (as on 01/04/2024) has not been explained.

11) Health Grant - 2024-25 varies expenditure various in AFS and respective bank acount statement which, has not been explained.

Senior Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്